**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6605** **11-11-2021 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി സിവിൽ സർവ്വീസ് അക്കാദമിയിൽ വെർച്വൽ ക്ലാസ് റൂം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ സിവിൽ സർവ്വീസ് അക്കാദമിയിൽ വെർച്വൽ ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് എം.എൽ.എ.മാരുടെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി 2019-2020 വർഷങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 23 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; ഈ തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | കല്യാശ്ശേരി മണ്ഡലത്തിലെ സിവിൽ സർവീസ് അക്കാദമിയിൽ വെർച്വൽ ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് MLAADS 2019-20 ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തിയിൽ സിവിൽ വർക്കും LS വിഭാഗത്തിൽ 8 ലക്ഷം രൂപയുടെ ഫർണിച്ചർ വർക്കും 4 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ വർക്കും ഉൾപ്പെടെ 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭിച്ച് ഒരു വർഷത്തിലേറെയായിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | നിശ്ചിത പ്രവൃത്തിയിൽ ഫർണിച്ചർ വർക്കാണ് ഇനി അവശേഷിക്കുന്നത്. നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് ഫർണിച്ചർ വർക്കിൻെറ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത വർക്ക് പൂർത്തിയാക്കുന്നതാണ്. അക്രഡിറ്റഡ് ഏജൻസിയായ ULCC യോട് തന്നെ ഫർണിച്ചർ വർക്കും ചെയ്ത് പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിയായ PWD നിർദേശം നല്കിയിട്ടുണ്ട്. |
| (സി) | കോളേജുകൾ തുറക്കുന്നത് പരിഗണിച്ച് പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിശ്ചിത പ്രവൃത്തിയിൽ ഫർണിച്ചർ വർക്കാണ് ഇനി അവശേഷിക്കുന്നത്. നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് ഫർണിച്ചർ വർക്കിൻെറ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത വർക്ക് പൂർത്തിയാക്കുന്നതാണ്. അക്രഡിറ്റഡ് ഏജൻസിയായ ULCC യോട് തന്നെ ഫർണിച്ചർ വർക്കും ചെയ്ത് പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിയായ PWD നിർദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ